ഖാദി ട്രസ്റ്റി

*൨൦൬. (൭൨) ശ്രീ. ടി. എസ്സ്. ബസ്സു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അവിണിശ്ശേരിയിൽ നടത്തുന്ന അഖില കൊച്ചി ഖാദി ട്രസ്റ്റിനു് ഗവണ്മെണ്ടു് എത്ര സംഖ്യ ലോൺ കൊടുത്തിട്ടുണ്ടു്;

(ബി) ട്രസ്റ്റിനു് ഫൻ ൪൧-ലെ ബഡ്ജറ്റിൽ ഗ്രാൻറുകൊടുക്കുവാൻ വല്ല സംഖ്യയും വച്ചിട്ടുണ്ടോ;

(സി) ഫൻ ൪൦-ലെ സബ്സിഡി വകയ്ക്കു നീക്കിവച്ച സംഖ്യ ഞാറയ്ക്കലെ ഏതോ മരു സൊസൈറ്റിയുടെ ആവശ്യത്തിനായി അനുവദിച്ചതായി കേൾക്കുന്നതു് ശരിയാണോ;

(ഡി) കേന്ദ്രം ആവശ്യത്തിനു് വ്യവസായ ഡയറക്ടർ ഗവണ്മെണ്ടിലേക്കു് വല്ല അലാട്ടുമെൻറും തയാറാക്കി അയക്കുകയുണ്ടായിട്ടുണ്ടോ?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഒന്നും കൊടുത്തിട്ടില്ല.

(ബി) ഈ സ്ഥാപനത്തിനായി തിരിച്ചു് യാതൊരു തുകയും ഉൾപ്പെടുത്തിയിട്ടില്ല.

(സി) ശരിയല്ല.

(ഡി) ഇല്ല.

സീതാറാം മിൽ

*൨൦൮. (൭൪) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ.—

(എ) സീതാറാം മിൽ മാനേജുമെൻറിനെക്കുറിച്ചു് വല്ല ആക്ഷേപങ്ങളും ഗവണ്മെണ്ടിലേക്കു് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണു് ഗവണ്മെണ്ടിൽ നിന്നും എടുത്തിട്ടുള്ളതു്?

വ്യവസായവും, എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഉവ്വു്.

(ബി) കൊച്ചി കമ്പനി ആക്ടു് ൧൯൫൫-ാം വകുപ്പുപ്രകാരം ഈ മാതിരി ഒരു അന്വേഷണത്തിനു വരാവുന്ന ചിലവുകൾ സഹിക്കാൻ തയ്യാറുണ്ടോ എന്നു ചോദിച്ചതിനു് ഹരജിക്കാർ ഇതുവരെ യാതൊരു മറുപടിയും തന്നിട്ടില്ല. അതിനാൽ ഈ കാര്യത്തിൽ മേൽ നടപടി ഒന്നും തുടർന്നിട്ടില്ല.

Unstarred Questions posted for Answer on 27th February 1951

കയറുമതി ഇറക്കുമതി സാധനങ്ങൾ

൭. (൧) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റുവർഷത്തിൽ ആകെ ഉണ്ടായിട്ടുള്ള ഇറക്കുമതി സാധനങ്ങളുടേയും, കയറുമതി സാധനങ്ങളുടേയും കണക്കുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഇറക്കുമതി സാധനങ്ങൾക്കുവേണ്ടി എത്ര ഉറപ്പിക ചിലവായി;

LIBRARY ARCHIVES Kerala Legislative Assembly